പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6893 10.07.2014 -ലെ മറുപടിക്ക്

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനു വേണ്ടി സെസ് തുക നിർണ്ണയിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനുവേണ്ടി സെസ് തുക നിർണ്ണയിച്ച് പിരിച്ചെടുക്കുന്നതിന് നിലവിൽ വകുപ്പിലുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തൊഴിൽ വകുപ്പിൽ ഒന്നാം ഗ്രേഡ് അഡീഷണൽ ലേബർ ഓഫീസർമാരുടെ അധികമായ തസ്തിക സൃഷ്ടിച്ച് നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡിന് കൈമാറുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നല്കിയിട്ടുണ്ടോ ; | (ബി) തൊഴിൽ വകുപ്പിന്റെ പുന: സംഘടന സംബന്ധിച്ച ഫയലിൽ ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശകളും ഉൾക്കൊള്ളുന്നു. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (സി) ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നല്കിയിരിക്കുന്നു. |
| (ഡി) നിർമ്മാണത്തൊഴിലാളി ക്ഷേമ സെസ് ഈടാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വീടുകളുടെയും മറ്റും നിർമ്മാണചെലവു തുകയുടെ പരിധി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഈ വിഷയം കേന്ദ്ര ഗവണ്മെന്റിന്റെ പരിധിയിൽ ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ